(സി)

(1) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്താനായി ഉന്നത സമിതിയെ ഏൽപ്പിച്ചിട്ടുണ്ട്.

(2 & 3) പരാതികളിന്മേൽ വിദഗ്ദ്ധ പരിശോധന നടത്തുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്.

(4) റവന്യൂ ഉദ്യോഗസ്ഥരുമായി പ്രാഥമിക അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ആഗോള താപനത്തെ ചെറുക്കുന്നതിനുള്ള പുതിയ പദ്ധതികൾ

220 (7783) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ആഗോളതാപനം-മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ മരംനടൽ പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിന്റെ ഭാഗമായി എത്ര മരങ്ങൾ നട്ടുയെന്ന് വ്യക്തമാക്കുമോ ;

(സി) ആഗോളതാപനത്തെ ചെറുക്കുന്നതിനു വേണ്ടി വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'ആഗോളതാപനം - മരമാണ് മറുപടി' എന്ന സന്ദേശമുയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ "ഹരിതകേരളം" എന്ന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

(ബി) ടി പദ്ധതിയുടെ ഒരു ഘടകമായ പാതയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള "വഴിയോരത്തണൽ പദ്ധതി" മുഖേനമാത്രമേ വനം വകുപ്പ് നേരിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്നുള്ളൂ. ടി വഴിയോരത്തണൽ പദ്ധതി പ്രകാരം 2011-ൽ 28,000 തൈകളും 2012-ൽ 18,500 തൈകളും 2013-ൽ 15,437 തൈകളും വനംവകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയുണ്ടായി. ഈ പ്ലാന്റിംഗ് സീസണിലെ തൈനടീൽ പൂർത്തിയായിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസംഘടനകൾ, യുവജന-രാഷ്ട്രീയ സംഘടനകൾ, പത്രമാദ്ധ്യമങ്ങൾ എന്നിവ മുഖേന വിദ്യാർത്ഥികൾക്കും മറ്റ് പൗരന്മാർക്കും പൊതുസ്ഥലങ്ങളിലോ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

കൈവശസ്ഥലങ്ങളിലോ നട്ടുപിടിപ്പിക്കുന്നതിലേക്കായി "ഹരിതകേരളം" പദ്ധതിയിലെ മറ്റ് ഘടകങ്ങൾമുഖേന വൻതോതിൽ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുള്ളതുമാണ്. 2011-ൽ 70.44 ലക്ഷവും 2012-ൽ 87.97 ലക്ഷവും 2013-ൽ 83.68 ലക്ഷവും തൈകളാണ് ഇപ്രകാരം വിതരണം ചെയ്തത്. ഈ വർഷത്തെ വിതരണത്തിനായി 84 ലക്ഷത്തോളം തൈകൾ തയ്യാറാക്കിയിട്ടുള്ളതാണ്. വിതരണം പൂർത്തിയായി വരുന്നതേയുള്ളൂ.

(സി) ആഗോളതാപനത്തെ ചെറുക്കുന്നതിലേക്കായി വനം വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. ഹരിതശ്രീ പദ്ധതി

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

(Participatory Environment Action Plan – PEAP) പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കൊല്ലം മുതൽ "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് "ഒരു മനുഷ്യന് ഒരു മരം" എന്ന സംരംഭമാണ് നടപ്പിലാക്കുന്നത്. വനം വകുപ്പിൽനിന്നും സൗജന്യമായി നൽകുന്ന തൈകൾ സംസ്ഥാനത്തെ ഓരോ വ്യക്തിയും ഒരെണ്ണമെങ്കിലും നടുന്നതും തുടർന്ന് അതിനെ പരിപാലിച്ച് അതിജീവനം ഉറപ്പുവരുത്തുന്നതും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇക്കൊല്ലത്തെ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് 19.55 ലക്ഷം വൃക്ഷത്തൈകൾ നട്ടുകൊണ്ടുള്ള "ഹരിതശ്രീ-2014" പദ്ധതി വമ്പിച്ച ജനശ്രദ്ധ നേടി. 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ജനപിന്തുണ ലഭ്യമായതിനെത്തുടർന്ന് ലക്ഷ്യമിട്ടതിന്റെ ഇരട്ടിയോളം നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി അടുത്ത വർഷവും തുടരുവാൻ ഉദ്ദേശിക്കുന്നുണ്ട്.

2. ഹരിതശ്രീ സമിതികൾ

"ഹരിതശ്രീ"പദ്ധതിയുടെ ഭാഗമായുള്ള തൈനടീൽ പദ്ധതി വൻ വിജയമാണെന്ന് കണ്ടതിനെത്തുടർന്ന് ഹരിതശ്രീ സമിതികൾമുഖേന ഹരിതശ്രീ പ്രസ്ഥാനത്തെ സ്ഥാപനവൽക്കരിക്കുവാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ ഹരിതാഭ വർദ്ധിപ്പിച്ചും ജൈവവൈവിധ്യം പരിപോഷിപ്പിച്ചും ആവാസ വ്യവസ്ഥ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ഹരിതശ്രീ യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിലവിലുള്ള ജില്ലാതലത്തിലെ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി, സംസ്ഥാനതലത്തിലെ സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി എന്നിവയുടെ മാതൃകയിൽ ജില്ലാതല ഹരിതശ്രീ സമിതികളും സംസ്ഥാനതല ഹരിതശ്രീ സമിതികളും രൂപീകരിക്കുവാനും ലക്ഷ്യമിടുന്നുണ്ട്. ഹരിതവൽക്കരണം, ജൈവവൈവിധ്യ പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ആയതിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

താൽപര്യവും സന്നദ്ധതയുമുള്ള വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൂട്ടായ്മകൾക്കും ജില്ലാതല ഹരിതശ്രീ കോപ്പറേറ്റീവുകളുമായി ഒപ്പുവയ്ക്കുന്ന Memorandum of Understanding (MOU) ന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തനങ്ങൾ ഏൽപ്പിച്ചുകൊടുത്ത് നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്.

3. നഗര ഹരിതവൽക്കരണ പദ്ധതി

നഗരങ്ങളിലെ വിവിധ സ്ഥാപനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും സ്ഥലസൗകര്യമുള്ള എല്ലാ വീടുകളിലും വൃക്ഷം വച്ചുപിടിപ്പിച്ച് നഗരത്തെ ഹരിതാഭമാക്കുന്ന ഈ പദ്ധതിക്ക് 2014 ജൂൺ മാസം മുതൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ നൽകുന്നു.

(എ) 'അർബൻ എൻവയോൺമെന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഫോർ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയതിനെത്തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ ഈ പ്ലാന്റിംഗ് സീസൺ മുതൽ വൃക്ഷവൽക്കരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി പരിസ്ഥിതി വകുപ്പിൽനിന്നും 70.00 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുള്ളതും 30-4-2014 വരെ 24.46 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതുമാണ്.

(ബി) കോട്ടയം ജില്ലയിലെ കോട്ടയം-കോടിമത റോഡ് നവീകരണവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിൽ നഗര ഹരിതവൽക്കരണ പദ്ധതി ആരംഭിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

ആഗോള താപനം

221 (7784) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളതാപനത്തിന്റെ ഫലമായി സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് ഏതെങ്കിലും വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ; ഉണ്ടെങ്കിൽ അവയുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ആഗോളതാപനത്തിന്റെ ആഘാതം സംസ്ഥാനത്ത് അനുഭവപ്പെടുന്നത് ഗണ്യമായി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഗോളതാപനവുമായി ബന്ധപ്പെട്ട് പല പഠനങ്ങളും നടത്തിവരുന്നുണ്ട്. കേരളത്തിലെ തീരപ്രദേശങ്ങളിൽ സമുദ്ര നിരപ്പ് ഉയരുന്നതുമൂലം ഉണ്ടാകാവുന്ന ആഘാതങ്ങളെകുറിച്ച് ഭൗമശാസ്ത്രപഠന കേന്ദ്രം തിരുവനന്തപുരം പഠനം നടത്തുന്നുണ്ട്. കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റങ്ങളെക്കുറിച്ച് പഠിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂരിനെയും തണ്ണീർത്തട ആവാസ വ്യവസ്ഥയേയും കാലാവസ്ഥ വ്യതിയാനത്തേയും കുറിച്ച് പഠിക്കാൻ CUSAT-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) ആഗോളതാപനത്തിന്റെ ആഘാതം സംസ്ഥാനത്ത് അനുഭവപ്പെടുന്നത് ഗണ്യമായി കുറയ്ക്കാൻ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ബൃഹത്തായ ഒരു കർമ്മ പദ്ധതിക്ക് (സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി) രൂപം നൽകിയിട്ടുണ്ട്. കൃഷി, മത്സ്യബന്ധനം, വനം, ആരോഗ്യം, ഊർജ്ജം, നഗരവൽക്കരണവും ഗതാഗതവും, വിനോദ സഞ്ചാരം എന്നീ മേഖലകൾ ആസ്പദമാക്കിയാണ് ഇതിന് രൂപം നൽകിയിട്ടുള്ളത്. ഇത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

കുറ്റ്യാടി ഫോറസ്റ്റ് റേഞ്ച് പരിധിയിലെ ഇ.എഫ്.എൽ. കേസ്സുകൾ

222 (7785) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിൽ ഇ.എഫ്.എൽ. ഭൂമി സംബന്ധിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കേസ്സുകളും എടുക്കാനുണ്ടായ കാരണവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുറ്റ്യാടി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിൽ ഇ.എഫ്.എൽ. ആക്ട് പ്രകാരം 73 വ്യക്തികളിൽനിന്നും ഇ.എഫ്.എൽ. ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമിയെ സംബന്ധിച്ച് ഫോറസ്റ്റ് ട്രൈബ്യൂണലുകളിൽ നാല് ഒ.എ. കേസ്സുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 5 WP(C) കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ടി ഭൂമിയിൽ വനനിയമത്തിനെതിരായ പ്രവർത്തനങ്ങൾക്കെതിരെ 16 ഒ.ആർ. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇ.എഫ്.എൽ. ആയി ഏറ്റെടുത്ത ഭൂമിയുടെ മുൻ ഉടമസ്ഥർ ഭൂമി തിരികെ ലഭിക്കുന്നതിനായി ഒ.എ. കേസ്സുകളും WP(C) കേസ്സുകളും ഫോറസ്റ്റ് ട്രൈബ്യൂണലുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ മുൻ ഉടമസ്ഥരും അവരുടെ പിൻഗാമികളും നടത്തിയ വനകുറ്റ കൃത്യങ്ങൾക്കെതിരെയാണ് ഫോറസ്റ്റ് അധികൃതർ ഒ.ആർ. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 16 ഒ.ആർ. കേസ്സുകളിൽ 4 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. രണ്ട് കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. 10 കേസ്സുകൾ അന്വേഷണത്തിലാണ്. 5 WP(C) കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. ഒ.എ. കേസ്സുകളിൽ 2 എണ്ണത്തിൽ എം.എഫ്.എ. ഫയൽ ചെയ്തിട്ടുണ്ട്. രണ്ട് കേസ്സുകൾ ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly